പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3690

17.12.2015-ൽ മറുപടിയ്ക്ക്

## ഗതാഗത നിയന്ത്രണവും സിഗ്നൽ സംവിധാനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം സ്ഥലങ്ങളിൽ ഏതെല്ലാം ഏജൻസികളെകൊണ്ട് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിനായി ചെലവഴിച്ച തുകയെത്ര ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ; | (എ) പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് , കേരള റോഡ് സേഫ്റ്റി അതോറിറ്റി, കേരള റോഡ് ഫണ്ട് ബോർഡ് എന്നീ ഏജൻസികൾ മുഖേന എം.എൽ.എ.ഫണ്ട് ഉപയോഗിച്ച് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ നിന്നുമുള്ള വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) ട്രാഫിക് പോസ്റ്റുകളിൽ ഓട്ടോമാറ്റിക് ക്യാമറ സംവിധാനം ഇല്ലാത്തത് പല സ്ഥലങ്ങളിലും നിയമലംഘനത്തിന് ഇടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കുമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്യാമറ ഇല്ലാത്ത പ്രധാന ജംഗ്ഷനുകളിൽ ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ക്യാമറ സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ട്രാഫിക് പോലീസുകാരെ ഉപയോഗപ്പെടുത്തി നിയമലംഘനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(സി) കഴിഞ്ഞ ഒരു വർഷക്കാലം സിഗ്നൽ ലംഘിച്ച് വാഹനമോടിച്ചതിന് രജിസ്റ്റർചെയ്ത കേസ്സുകളുടെ എണ്ണവും ഈടാക്കിയ തുകയും ജില്ലതിരിച്ച് വ്യക്തമാക്കുമോ ; ഓരോ വർഷവും സിഗ്നൽ ലൈറ്റിന്റെയും ക്യാമറയുടെയും മെയിന്റനൻസിനായി ചെലവഴിക്കുന്ന തുക എത്രയെന്ന് വിശദമാക്കുമോ ?

(സി) സിഗ്നൽ ലംഘിച്ച് വാഹനമോടിച്ചതിന് പോലീസ് വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണവും ഈടാക്കിയ തുകയും ജില്ലതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിലെ ക്യാമറകൾ മെയിന്റനൻസ് ചെയ്യുന്നതിനായി 229 ലക്ഷം രൂപയുടെ വർക്ക് ഓർഡർ പോലീസ് വകുപ്പ് കെൽട്രോണിന് നൽകിയിട്ടുണ്ട്. മെയിന്റനൻസ് നടന്ന് വരികയാണ്.

സിഗ്നൽ ലംഘനം, അമിത വേഗത എന്നിവയ്ക്ക് മോട്ടോർ വാഹന വകുപ്പിന് കീഴിൽ കഴിഞ്ഞ ഒരു വർഷക്കാലം ആകെ 1,50,270 പേർക്ക് മെമ്മോ അയച്ചിട്ടുണ്ട്. 3,06,24,800/- രൂപ പിഴയായും ലഭിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | കഴിഞ്ഞ ഒരു വർഷക്കാലം സിഗ്നൽ ലംഘിച്ച് വാഹനമോടിച്ചതിന് രജിസ്റ്റർ ചെയ്ത കേസ് | ഈടാക്കിയ പിഴ |
|---|---|---|
| തിരുവനന്തപുരം സിറ്റി | 2,157 | 4,79,500 |
| കൊല്ലം സിറ്റി | 3,688 | 4,21,600 |
| കൊല്ലം റൂറൽ | 579 | 57,900 |
| ആലപ്പുഴ | 3,349 | 3,56,100 |
| കോട്ടയം | 187 | 18,700 |
| ഇടുക്കി | 564 | 2,82,000 |
| എറണാകുളം സിറ്റി | 2,847 | 10,82,400 |
| എറണാകുളം റൂറൽ | 2,464 | 2,46,400 |
| തൃശ്ശൂർ റൂറൽ | 201 | 20,100 |
| പാലക്കാട് | 4,221 | 4,46,200 |
| മലപ്പുറം | 204 | 41,300 |
| കോഴിക്കോട് സിറ്റി | 880 | 4,40,000 |
| കോഴിക്കോട് റൂറൽ | 535 | 2,67,500 |
| കണ്ണൂർ | 410 | 64,800 |
| കാസർഗോഡ് | 728 | 1,68,600 |
| ആകെ | 23,014 | 43,93,100 |

സെക്ഷൻ ഓഫീസർ